LIBRARY ARCHIVES Kerala Legislative Assembly

വടക്കാഞ്ചേരി മണ്ഡലത്തിലെ പദ്ധതികൾ

83 (466) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തി അനുമതി നൽകിയിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ഇവയുടെ ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ?

(എ-സി) 2016-2021 കാലയളവിൽ വടക്കാഞ്ചേരി മണ്ഡലത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ (MLA-SDF) കീഴിൽ ഒരു കോടി രൂപയും നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയുടെ കീഴിൽ അഞ്ച് കോടി രൂപ വീതവും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്ന പ്രക്രിയ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ വഴിയാണ് നടന്നുവരുന്നത്. ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാരും തൃശ്ശൂർ ജില്ലാ കളക്ടറും ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ 2,300 ലക്ഷം രൂപയുടെ പദ്ധതികൾ വിവിധ ഘട്ടങ്ങളിൽ നടന്നുവരികയാണ്. വടക്കാഞ്ചേരി മണ്ഡലത്തിലെ അവണൂർ, എടക്കുളത്തൂർ, അടാട്ട് വില്ലേജ് ഓഫീസുകളുടെ അറ്റകുറ്റപ്പണികൾക്കായി 5 ലക്ഷം രൂപ വീതവും പുഴക്കൽ വില്ലേജ് ഓഫീസിന്റെ അധികമുറി നിർമ്മാണത്തിനായി 10 ലക്ഷം രൂപയും വകയിരുത്തുകയും നിലവിൽ പദ്ധതി പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്. കൂടാതെ, റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രകാരം അഞ്ചൂർ ഗ്രൂപ്പ് വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 44 ലക്ഷം രൂപയുടെ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് (നിരത്ത്) വകുപ്പ് പൊതുമരാമത്ത് കെട്ടിട വിഭാഗം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1* ആയും ഭരണാനുമതി ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധം-2 ആയും സമർപ്പിക്കുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.